ഉത്തരം

(എ) ഔദ്യോഗിക വസതികൾ മോടി പിടിപ്പിച്ചിട്ടില്ല. എന്നാൽ വസതികളിൽ ആവശ്യം വേണ്ട ഉപകരണങ്ങൾ വാങ്ങിയതിനും വാർഷിക അറ്റകുറ്റപ്പണികൾക്കുംവേണ്ടി ചെലവായ തുകയുടെ വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി) അറ്റകുറ്റപ്പണികൾക്കു വേണ്ടി ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.†

മന്ത്രിമാരുടെ ഡി.എ.

13 (13) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും ചീഫ് വിപ്പും ശമ്പളം, ടി.എ., ഡി.എ., മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, അതിഥി സൽക്കാരം, ടെലഫോൺ കോൾ, എന്റർടെയിൻമെന്റ് അലവൻസ്, വിദേശപര്യടന വേളയിൽ ഇന്ത്യൻ എമ്പസികളും കോൺസുലേറ്റുകളും ഹൈക്കമ്മീഷൻ ആഫീസുകളും ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ പേരിൽ കേന്ദ്രഗവൺമെന്റിലേക്ക് അടച്ച തുക എന്നിവ ഒട്ടാകെ എത്രയാണ് ;

(ബി) ഈ ഇനത്തിൽ ഈ കാലയളവിൽ ഒരു മന്ത്രിയുടെ ശരാശരി ചെലവെത്രയാണ് ;

(സി) 1991-ൽ അധികാരത്തിൽ വന്ന മുൻഗവൺമെന്റിന്റെ കാലത്തെ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയുടേയും ശമ്പളം, ടി.എ., ഡി.എ., മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, അതിഥി സൽക്കാരം, ടെലഫോൺ, എന്റർടെയിൻമെന്റ് അലവൻസ്, വിദേശപര്യടന വേളയിൽ ഇന്ത്യൻ എമ്പസികളും കോൺസുലേറ്റുകളും ഹൈക്കമ്മീഷൻ ആഫീസുകളും ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ പേരിൽ കേന്ദ്രഗവൺമെന്റിലേക്ക് അടച്ച തുക എന്നിവ ഒട്ടാകെ എത്രയായിരുന്നു ; ഈ ഇനങ്ങളിൽ ഈ കാലത്തെ ഒരു മന്ത്രിയുടെ ശരാശരി ചെലവെത്രയായിരുന്നു ;

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാരുടേയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിച്ചതിന് ഒട്ടാകെ എന്ത് ചെലവ് വേണ്ടിവന്നിട്ടുണ്ട് ; ഈ ഇനത്തിൽ ഒരു മന്ത്രിയുടെ ശരാശരി ചെലവെത്ര ;

(ഇ) 1991-ൽ അധികാരത്തിൽ വന്ന മുൻ ഗവൺമെന്റിന്റെ കാലത്തെ എല്ലാ മന്ത്രിമാരുടേയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിച്ചതിന് ഒട്ടാകെ എന്ത് ചെലവ് വന്നു ; ഈയിനത്തിൽ ഈ കാലയളവിലെ ഒരു മന്ത്രിയുടെ ശരാശരി ചെലവെത്രയായിരുന്നു ?

---

† അനുബന്ധം - V(a,b)

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുഖ്യമന്ത്രിയുൾപ്പെടെ മന്ത്രിമാരും ചീഫ് വിപ്പും ശമ്പളം ടി.എ., ഡി.എ., മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, അതിഥി സൽക്കാരം, ടെലഫോൺ കോൾ, എന്നീ ഇനങ്ങളിലായി താൽക്കാലിക കണക്കുപ്രകാരം ആകെ 7,58,32,243 രൂപ (ഏഴു കോടി അമ്പത്തിയെട്ടുലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഇരുന്നൂറ്റിനാൽപത്തിമൂന്നു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ളവയെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) 5055483 രൂപ (അമ്പത് ലക്ഷത്തി അമ്പത്തയ്യായിരത്തി നാന്നൂറ്റി എൺപത്തിമൂന്നു രൂപ മാത്രം)

(സി) 1991-ൽ 96 കാലത്തെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ശമ്പളം, ടി.എ., ഡി.എ., അതിഥി സൽക്കാരം, ടെലഫോൺ കോൾ, എന്നീ ഇനങ്ങളിലായി ആകെ 9,21,02,718 രൂപ(ഒമ്പതുകോടി ഇരുപത്തൊന്നുലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി പതിനെട്ടു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ശരാശരി 51,16,818രൂപ (അമ്പത്തിഒന്നു ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ്റിപതിനെട്ട് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(ഡി) മോടിപിടിപ്പിച്ചിട്ടില്ല. വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ചെലവിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിമാരുടെ സെൽഫോണുകൾ

14 (14) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഏതെല്ലാം മന്ത്രിമാർക്കും അവരുടെ സ്റ്റാഫ് അംഗങ്ങൾക്കും സെല്ലുലാർഫോൺ നൽകിയിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാരുടെ ആഫീസുകളിൽ പി.എ.ബി.എക്സ്. സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട് ;

(സി) ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാർക്കും അവരുടെ ഓരോ സ്റ്റാഫ് അംഗങ്ങൾക്കും അവരുടെ ആഫീസിലെ ഫോൺ, വീടുകളിലെ ഫോൺ, നിയോജകമണ്ഡലത്തിലുള്ള ഫോൺ, സെല്ലുലാർ ഫോൺ എന്നിവയിലോരോന്നിനും വേണ്ടി എന്ത് തുക ചെലവായിട്ടുണ്ട് ;

(ഡി) മന്ത്രിമാരുടെ ആഫീസിലുള്ള പി.എ.ബി.എക്സ്. സിസ്റ്റത്തിന് വേണ്ടി എന്ത് തുക ചെലവായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly